31-10-2015-ലെ കണക്ക് പ്രകാരം 1471.56 കോടി രൂപ സർക്കാരിന് KSRTC വായ്പാ തിരിച്ചടവിനത്തിൽ നൽകാനുണ്ട്. ടി ഇനത്തിൽ 2013-14 വരെ KSRTC-ക്ക് അനുവദിച്ച് നൽകിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ KSRTC-യിലുള്ള ഓഹരിയാക്കി മാറ്റാമെന്ന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാധ്യത 380.81 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ ആയ ശ്രീ. എ. സുലൈമാന്റെ പേഴ്സണൽ സ്റ്റാഫ് നിയമനം

337 (348) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ കണ്ടക്ടറായ ശ്രീ. സുലൈമാൻ എ. എന്ന് മുതൽക്കാണ് പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് ;

(ബി) ടിയാന്റെ ഡെപ്യൂട്ടേഷൻ കാലത്തേക്കുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായി കെ.എസ്.ആർ.ടി.സി. യിൽ ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെ കാലയളവിലുള്ളതാണ് ഇനി ലഭിക്കാനുള്ളത് ; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ടിയാളുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രീ. എ. സുലൈമാൻ, കണ്ടക്ടർ 2005 ഏപ്രിൽ 8 മുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടു.

(ബി) പൂർണ്ണമായും ലഭിച്ചിട്ടില്ല. ആകെ 15 മാസങ്ങളിലെ പെൻഷൻ കോൺട്രിബ്യൂഷൻ തുക (Dec-08, Jan-2009, Feb-2009, Mar-2009, April-2009, Jun-2009, July-2009, Oct-2009, Nov-2009, Dec-2009, Mar-2010, May-2010, Jan-2011, April-2011, Dec-2011) മാത്രം ലഭിച്ചിട്ടുള്ളതായാണ് രേഖകളിൽ കാണുന്നത്. ബാക്കിയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ അറിയിക്കുവാൻ പൊതുഭരണ വകുപ്പ് സെക്രട്ടറിക്കുള്ള 21-11-2015 തീയതിയിലെ കത്ത് പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

മേൽ വിശദാംശങ്ങൾ ലഭ്യമാക്കിയ ശേഷം ആയത് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly